**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 348** **01-07-2024 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ - ചെറുകിട - ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സൂക്ഷ്മ - ചെറുകിട - ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സൂക്ഷ്മ - ചെറുകിട - ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി,<br><br>1. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങിൽ 28-ാം സ്ഥാനത്തു നിന്നും 15-ാം സ്ഥാനത്തേക്ക് സംസ്ഥാനത്തിന്റെ റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.<br>2. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 25/06/2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 2,67,053 സൂക്ഷ്മ-ചെറുകിട- |

| | | | |
|---|---|---|---|
| | | | ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 17,644 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ട് വരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 5,90,681 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട്.<br>3. 2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭക വർഷം 2.0 എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 103596 പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.65 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. പദ്ധതി ഈ വർഷവും തുടരുന്നുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 25 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ 2,52,650 പുതിയ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്തു. ഇതിലൂടെ 16,193 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ട് വരാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 5,37,689 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുമേഖലാ സ്ഥപനമായ കേരള സിഡ്കോയ്ക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം MSME വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചതും കൈമാറ്റം ചെയ്തതും വഴി വ്യവസായ മേഖലയിൽ ഏകദേശം 72 കോടിയിൽപരം രൂപയുടെ നിക്ഷേപവും 1574 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.. പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടന്ന 50 സെന്റ് ഭൂമി, ബി7 ഷെഡ്ഡ്, 14.95 സെന്റ് ഭൂമി, ഊരകം മിനി വ്യവസായ |

എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടന്ന 3.8 സെന്റ് ഭൂമി, ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടന്ന രണ്ട് ഷെഡുകൾ എന്നിവ തിരികെ എടുക്കുകയുണ്ടായി. ആയവ പുതിയ വ്യവസായികൾക്ക് അനുവദിച്ചു നൽകുന്നതിലൂടെ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനും ആയതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുന്നു. കൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം ഉമയനല്ലൂർ, കാസർഗോഡ് എന്നീ വ്യവസായ എസ്റ്റേറ്റുകൾക്ക് സിഡ്കോയുടെ പേരിൽ പട്ടയം ലഭിക്കുകയുണ്ടായി. ആയതുവഴി ടി. എസ്റ്റേറ്റിലെ അർഹരായ യൂണിറ്റുകൾക്ക് സെയിൽ ഡീഡ് നൽകുവാനും വ്യവസായ വികസനത്തിനായി അവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുവാനും സാധിക്കുന്നു.

കൂടാതെ 05.08.2021 തീയതിയിലെ G.O (Rt) No.817/2021/Id നമ്പർ സർക്കാർ ഉത്തരവു പ്രകാരം പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ 2-ാം ഘട്ട നവീകരണത്തിനായി 2 കോടി 61 ലക്ഷം രൂപയുടെ ലോൺ അനുവദിച്ചു നൽകുകയും ടി എസ്റ്റേറ്റിന്റെ നവീകരണം പൂർത്തിയാക്കി 30.10.2021 തീയതിയിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

കേരള സിഡ്കോയുടെ വളർച്ചയ്ക്കായി 2022-23 മുതൽ 2031-32 വരെയുള്ള സാമ്പത്തിക വർഷത്തിൽ 135.26 കോടി രൂപയുടെ സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയിട്ടുണ്ട്.

കേരള സിഡ്കോയുടെ വളർച്ചയ്ക്കായി സിഡ്കോ സമർപ്പിച്ച യൂണിറ്റുകളുടെ നവീകരണത്തിനുള്ള ഡി.പി.ആർ സർക്കാർ അംഗീകരിക്കുകയും പ്രൊഡക്ഷൻ യൂണിറ്റുകളെ നവീകരിച്ച് അതിനൂതന സാങ്കേതിക വിദ്യയോടു കൂടിയ മെഷീനുകൾ സ്ഥാപിക്കുന്നതിലേയ്ക്കായും സ.ഉ. (ആർ.റ്റി)469/2019/ ഐ.ഡി തീയതി 30.05.2019 ഭരണാനുമതി പ്രകാരം 2019-20 -ലെ സാമ്പത്തിക വർഷത്തിൽ 9.95 കോടി രൂപ അനുവദിച്ചു നൽകുകയുമുണ്ടായി. കൂടാതെ ഷോർട്ട് ടേം മാസ്റ്റർ പ്ലാനിൽ 8 കോടി രൂപ2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തുകയും, മേൽ പ്രതിപാദിച്ച തുകയ്ക്ക് അനുസൃതമായി പ്രൊഡക്ഷൻ യൂണിറ്റുകളിൽ നവീകരണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലുമാണ്.

നിലവിൽ സിഡ്കോ നഷ്ടത്തിൽ ആണ് പ്രവർത്തിക്കുന്നത്. 2022-23 സാമ്പത്തിക വർഷം 48 ലക്ഷം രൂപയുടെ പ്രവർത്തന ലാഭം കൈവരിക്കുവാനും, 2023-24 സാമ്പത്തിക വർഷവും

| | | | |
|---|---|---|---|
| | | | തുടർച്ചയായി 1.40 കോടി രൂപയുടെ പ്രവർത്തനലാഭവും കൈവരിക്കുവാനും കഴിഞ്ഞു. സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിൽ നിന്നും മറ്റും പിരിഞ്ഞു കിട്ടുവാനുള്ള വിവിധ കുടിശ്ശികകൾ ഊർജ്ജിതമായി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിച്ചും ദൈനംദിന ഭരണ ചിലവുകൾ നിയന്ത്രിച്ചും പ്രവർത്തന ലാഭം നേടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പരമാവധി വിപണനം നേടിയെടുക്കുന്നതിനായി വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി സിഡ്കോയുടെ നിയന്ത്രണത്തിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകൾ വഴി പരമ്പരാഗത ഫർണീച്ചർ വർക്കുകൾ, ഫാബ്രിക്കേഷൻ വർക്കുകൾ എന്നിവയ്ക്കും പ്രാധാന്യം കൊടുത്ത് അത്തരത്തിലുള്ള വർക്കുകൾ കൂടി ഏറ്റെടുത്ത് ചെയ്ത് വരുന്നു. |
| (സി) | കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ നിലവിലെ സ്ഥിതിയെന്താണ്; വിശദമാക്കുമോ; | (സി) | സിഡ്കോയുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ യുള്ള 17 വ്യവസായ എസ്റ്റേറ്റുകൾ 36 മിനി വ്യവസായ എസ്റ്റേറ്റുകൾ ഏഴ് വ്യവസായ പാർക്കുകൾ എന്നിവി ടങ്ങളിലായി ആകെ 316.846 ഏക്കർ ഭൂമിയാണുള്ളത്. ടി. 60 എസ്റ്റേറ്റ കളിലായി ഏകദേശം 1475 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ മലമ്പുഴ, ചുള്ളിയാർ ഡാമുകളിൽ നിന്നും ശേഖരിച്ച മണൽ സൂക്ഷിച്ചിട്ടുള്ള 1.5 ഏക്കർ ഭൂമി ഉൾപ്പെടെ ആകെ 2.2609 ഏക്കർ, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിൽ 3 സെന്റ്, ടി എസ്റ്റേറ്റിലെ തന്നെ ദീർഘകാലമായി പ്രവർത്തന രഹിതമായി കിടന്നിരുന്ന യൂണിറ്റിൽ നിന്നും ഒഴിപ്പിച്ചെടുത്ത 50 സെന്റ് ഭൂമി, കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വ്യവസായ എസ്റ്റേറ്റിൽ വിവിധ പ്ലോട്ടുകളിലായി 80 സെന്റ്, എറണാകുളം ജില്ലയിൽ പിറവം മിനി എസ്റ്റേറ്റിൽ 12 സെന്റ്, കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ വ്യവസായ എസ്റ്റേറ്റിൽ 15.17 സെന്റ് ഭൂമി, ടി. ജില്ലയിലെ തന്നെ മൂടാടി വ്യവസായ പാർക്കിൽ രണ്ടു പ്ലോട്ടുകളിലായി 20 സെന്റ് ഭൂമി, കോട്ടയം ജില്ലയിൽ നാട്ടകം മിനി വ്യവസായ എസ്റ്റേറ്റിൽ 4.09 സെന്റ് ഭൂമി, മലപ്പുറം ജില്ലയിൽ എടവണ്ണ മിനി വ്യവസായ എസ്റ്റേറ്റിൽ 15.296 സെന്റ് ഭൂമി, തൃശ്ശൂർ ജില്ലയിൽ അത്താണി വ്യവസായ പാർക്കിൽ 10 സെന്റ്, തിരുവനന്തപുരം ഉള്ളൂർ മിനി വ്യവസായ എസ്റ്റേറ്റിൽ 5.8 സെന്റ് എന്നിങ്ങനെ ആകെ 4.45ഏക്കർ ഭൂമി നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നു. ആയതിൽ പുതിയ വ്യവസായികൾക്ക് അനുവദിച്ചു നൽകുവാൻ അനുയോജ്യമായ ഭൂമി നോട്ടിഫൈ ചെയ്യുകയും ആയതുവഴി ലഭിച്ച അപേക്ഷകൾ അതാത് ജില്ലാതല |

| | | | |
|---|---|---|---|
| | | | ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് ഭൂമി അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഒഴിവുള്ള ഭൂമി എപ്രകാരം ഉപയോഗപ്രദമാക്കാം എന്നത് സംബന്ധിച്ച് പരിശോധിക്കാൻ സിഡ്കോ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അലോട്ട്മെന്റിന് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനായി അലോട്ട്മെന്റ് പോളിസിയിൽ പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. വ്യവസായ വകുപ്പിലെ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ വ്യവസായ പാർക്കുകളിലെ സ്ഥലത്തിന്റെ അലോട്ട്മെന്റിന് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനായി യൂണിഫൈഡ് ലാൻഡ് അലോട്ട് റൂൾ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/ പ്ലോട്ട്കളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനും നിശ്ചയിച്ച വ്യവസായ സംരംഭങ്ങൾക്ക് പകരം മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉണ്ടായിരുന്ന തടസങ്ങൾ പരിഹരിച്ച് നടപടികൾ ലളിതമാക്കുന്നതിനായി പുതിയ ചട്ടങ്ങൾ (Land Allotment and Assignment for industrial Purpose Rules 2023) നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ